**INSTITUTE OF HUMAN RESOURCES DEVELOPMENT**
(Established by the Government of Kerala)
PRAJO'E TOWERS, VAZHUTHACAUD,THIRUVANANTHAPURAM – 695 014
Phone: .0471-2322985/2323597 Fax: 0471-2322035
Email : director@ihrdkerala.org Web:www.ihrdkerala.org

**PERSONAL ATTENTION**

നമ്പർ.ഇഎ4/16025/2011/ എച്ച്.ആർ.ഡി. തീയതി: 26-05-2012

പ്രേഷിതൻ

ഡയറക്ടർ

സ്വീകർത്താവ്

എല്ലാ സ്ഥാപന മേധാവികൾക്കും

സർ,

വിഷയം:- ഐ.എച്ച്.ആർ.ഡി. - സ്റ്റാഫ് പാറ്റേൺ & സ്പെഷ്യൽ റൂൾസ് റിവിഷൻ കമ്മിറ്റി - റിപ്പോർട്ട് - തുടർ നടപടി സംബന്ധിച്ച്.

സൂചന:- ജി.ഒ. (ആർ.ടി) നമ്പർ.1931/11/ H.Edn. നമ്പരായുള്ള 29-11-2011-ലെ സർക്കാർ ഉത്തരവ്.

........

താങ്കളുടെ ശ്രദ്ധ മേൽ സൂചനയിലേയ്ക്ക് ക്ഷണിക്കുന്നു. 7-2-2011-ന് ഐ.എച്ച്.ആർ.ഡി. എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയും ഗവേണിംഗ് ബോഡിയുടേയും അംഗീകാരത്തോടെ പരിഷ്കരിച്ച് നടപ്പിൽ വരുത്തിയ സ്റ്റാഫ് പാറ്റേൺ, സ്പെഷ്യൽ റൂൾസ് എന്നിവ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സൂചന ഉത്തരവു പ്രകാരം, ഒരു കമ്മിറ്റി സർക്കാർ രൂപീകരിച്ചിരുന്നു. ഇതു സംബന്ധിക്കുന്ന റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടി എന്ന നിലയിൽ കമ്മിറ്റി സമർപ്പിച്ച പരിഷ്കരിച്ച സ്റ്റാഫ് പാറ്റേൺ, സ്പെഷ്യൽ റൂൾസ് എന്നിവയിലെ നിർദ്ദേശങ്ങളിൻമേൽ ഐ.എച്ച്.ആർ.ഡി.യിലെ ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി 30-05-2012-ന് രാവിലെ ഐ.എച്ച്.ആർ.ഡി. ഹെഡ് ക്വാർട്ടേഴ്സിൽ വച്ച് ചർച്ച നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി റിപ്പോർട്ടിന്റെ പകർപ്പ് ജീവനക്കാരുടെ സംഘടനകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ സ്റ്റാഫ് പാറ്റേണിന്റെയും സ്പെഷ്യൽ റൂൾസിന്റെയും പകർപ്പ് ജീവനക്കാർക്ക് ഐ.എച്ച്.ആർ.ഡി. ഹെഡ് ക്വാർട്ടേഴ്സിൽ നേരിട്ട് പരിശോധിച്ച് 31-05-2012-ന് മുൻപായി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഡയറക്ടർ മുൻപാകെ സമർപ്പിക്കുന്നതിനുള്ള സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഐ.എച്ച്.ആർ.ഡി.യിലെ ജീവനക്കാർക്ക് എന്തെങ്കിലും നിർദ്ദേശങ്ങളോ, അഭിപ്രായങ്ങളോ സമർപ്പിക്കുവാനുണ്ടെങ്കിൽ മേൽ പറഞ്ഞ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്. മേൽ നിർദ്ദേശങ്ങൾ താങ്കളുടെ കീഴിൽ വരുന്ന ഐ.എച്ച്.ആർ.ഡി.യിലെ റഗുലർ ജീവനക്കാരെ രേഖാമൂലം അറിയിക്കുന്നതിനും താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

ഡയറക്ടർ

ജെ-26-5-12